**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2582 — 09-05-2017 ൽ മറുപടിക്ക്

## സഹസ്ര സരോവർ പദ്ധതി

| ചോദ്യം<br>ശ്രീ. എം.ഉമ്മർ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) 'വരും തലമുറയ്ക്ക് ഒരു കുമ്പിൾ ശുദ്ധജലം' എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കിയ സഹസ്ര സരോവർ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | എ) | കൃഷി വകുപ്പിന്റെ ആർ.ഐ.ഡി.എഫ്/ ആർ.കെ.വി.വൈ എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി സഹസ്ര സരോവർ പദ്ധതി നടപ്പിലാക്കിവരുന്നു. സഹസ്ര സരോവർ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ആർ.ഐ.ഡി.എഫ് XIX സ്കീമിൽ ഉൾപ്പെടുത്തി 41 പദ്ധതികൾക്കും, തുടർന്ന് ആർ.ഐ.ഡി.എഫ് XX, XXI, XXII സ്കീമുകളിൽ ഉൾപ്പെടുത്തി 63 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.കെ.വി.വൈ 2014-15, 2015-16 സ്കീമിൽ ഉൾപ്പെടുത്തി 5 കുളങ്ങളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളിൽ 51 എണ്ണം പൂർത്തീകരിക്കുകയും 54 എണ്ണം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുകയും ചെയ്യുന്നു. |
| ബി)ശുദ്ധജലത്തിന്റെ കാര്യത്തിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കുളങ്ങളുടെയും, തോടുകളുടെയും, ജലസ്രോതസ്സുകളുടെയും സംരക്ഷണം വഴി ഭൂഗർഭ ജല തോത് വർദ്ധിപ്പിക്കുന്നതിനും ഒരു പരിധിവരെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. |
| സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി തയ്യാറാക്കി സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ? | (സി) | ആർ.ഐ.ഡി.എഫ് XXI, XXII, ആർ.കെ.വി.വൈ സ്കീമുകളിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി തയ്യാറാക്കി സമർപ്പിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സഹസ്ര സരോവർ പദ്ധതി പ്രകാരം ആർ.ഐ.ഡി.എഫ്/ആർ.കെ.വി.വൈ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിക്കുവാനുള്ള പദ്ധതികളുടെ വിശദാംശം.**

| നം. | പദ്ധതിയുടെ പേര് | ജില്ല | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| **സഹസ്ര സരോവർ പദ്ധതി-കുളങ്ങളുടെ പുനരുദ്ധാരണം ആർ.ഐ.ഡി.എഫ്- XXI** | | | |
| 1 | പള്ളിക്കുന്ന പഞ്ചായത്തിലെ കണ്ണാവ്-ജലദുർഗ്ഗ ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കണ്ണൂർ | 181.93 |
| 2 | ധർമ്മടം പഞ്ചായത്തിലെ മേലൂർ ശ്രീമഹാദേവ ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കണ്ണൂർ | 90.07 |
| 3 | പിണറായി പഞ്ചായത്തിലെ പടന്നക്കര വൈരീഘാതൻ ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കണ്ണൂർ | 61.14 |
| 4 | മുണ്ടേരി പഞ്ചായത്തിലെ മുണ്ടേരിക്കാവ് ശ്രീ. മഹാലക്ഷ്മി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കണ്ണൂർ | 51.97 |
| 5 | കോട്ടയം-മലബാർ പഞ്ചായത്തിലെ എരുവട്ടി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കണ്ണൂർ | 104.41 |
| 6 | കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ എക്കർത്ത് ശിവപാർവ്വതി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 53.77 |
| 7 | കുത്ത്പറമ്പ് പഞ്ചായത്തിലെ ചന്ദ്രശേഖരതെരു ഗണപതി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 51.94 |
| 8 | പാനൂർ പഞ്ചായത്തിലെ കുന്നുമ്മേൽ വേട്ടക്കൊരുമകൻ ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 57.08 |
| 9 | പാട്യം പഞ്ചായത്തിലെ ചക്രപാണി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 75.21 |
| 10 | പെരിങ്ങലം പഞ്ചായത്തിലെ അണിയാരം ശിവക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 155.34 |
| 11 | തലശ്ശേരി പഞ്ചായത്തിലെ ശങ്കരൻകുളങ്ങര ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 94.53 |
| 12 | തലശ്ശേരി പഞ്ചായത്തിലെ തൃക്കൈക്കൽ കൊടിയേരി ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | കണ്ണൂർ | 95.95 |
| 13 | അജാനൂർ പഞ്ചായത്തിലെ കോയപ്പള്ളി മസ്ജിദ് കുളത്തിന്റെ പുനർനിർമ്മാണം | കാസർഗോഡ് | 54.91 |
| 14 | നൊച്ചാട് പഞ്ചായത്തിലെ കൽപത്തൂരിടം ശ്രീ പരദേവതാ ക്ഷേത്രക്കുളത്തിന്റെ പുനർനിർമ്മാണം | കോഴിക്കോട് | 53.14 |

| | | | |
|---|---|---|---|
| 15 | കൊയിലാണ്ടി കൊല്ലംചിറ ശ്രീ. പിഷാരിക്കാവ് ക്ഷേത്രക്കുളം പുനർനിർമ്മാണം | കോഴിക്കോട് | 325.23 |
| 16 | കൂടരഞ്ഞി പഞ്ചായത്തിലെ വാലൻകുളം പുനർനിർമ്മാണം | കോഴിക്കോട് | 218.74 |
| 17 | പനങ്ങാടി പഞ്ചായത്തിലെ നിർമ്മല്ലൂർ നരസിംഹമൂർത്തി ക്ഷേത്രക്കുളം- പുനരുദ്ധാരണ പ്രവൃത്തികൾ | കോഴിക്കോട് | 94.28 |
| 18 | വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്തിലെ നായ്ക്കൻകുളം പുനരുദ്ധാരണം | തൃശ്ശൂർ | 76.70 |
| 19 | കുന്നോത്തുപറമ്പ പഞ്ചായത്തിലെ തട്ടിൽതാഴെ കുളത്തിന്റെ പുനരുദ്ധാരണം | കണ്ണൂർ | 82.45 |
| **ആർ.ഐ.ഡി.എഫ്- XXII** | | | |
| 1 | ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ ദേവികുളങ്ങര കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | ആലപ്പുഴ | 70.69 |
| 2 | വക്രകുളം, അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 92.57 |
| 3 | പിണറായി ഗ്രാമ പഞ്ചായത്തിലെ കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | കണ്ണൂർ | 69.66 |
| 4 | പന്മന ഗ്രാമ പഞ്ചായത്തിലെ പ്ലക്കാട്ടു കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | കൊല്ലം | 81.46 |
| 5 | തലവൂർ ഗ്രാമ പഞ്ചായത്തിലെ നെടുവണ്ണൂർ ചിറ നവീകരണ പ്രവൃത്തികൾ | കൊല്ലം | 78.33 |
| 6 | കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിലെ ക്ഷേത്രക്കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | കോട്ടയം | 75.84 |
| 7 | റ്റി.വി.പുരം ഗ്രാമ പഞ്ചായത്തിലെ സരസ്വതി കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | കോട്ടയം | 69.61 |
| 8 | അരീക്കുളം ഗ്രാമ പഞ്ചായത്തിലെ ഊരള്ളൂർചിറ നവീകരണ പ്രവൃത്തികൾ | കോഴിക്കോട് | 104.92 |
| 9 | അന്തിക്കാട് കാർത്യായനി ക്ഷേത്രക്കുളത്തിന്റെ നവീകരണ പ്രവൃത്തികൾ | തൃശ്ശൂർ | 147.03 |
| 10 | ചിക്കമുണ്ടികുളം & കാവനാട്ചിറ, കൊടകര ഗ്രാമ പഞ്ചായത്ത് | തൃശ്ശൂർ | 117.63 |
| **ആർ.കെ.വി.വൈ 2015-16** | | | |
| 1 | ദേവേശ്വരം കുളം & പറമ്പിക്കുളം-തിരുവനന്തപുരം ജില്ല | തിരുവനന്തപുരം | 64.41 |
| 2 | പുത്തൂർകുളങ്ങരക്കുളം & ഉപ്പൻചിറ, കൊടകര ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ | 89.23 |

സെക്ഷൻ ഓഫീസർ